പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1808 10.02.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ഇ.പി.എഫ്

ചോദ്യം

ശ്രീമതിഷാനിമോൾ ഉസ്മാൻ

ശ്രീ.അൻവർ സാദത്ത്

" അനൂപ് ജേക്കബ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ് -ലേക്ക് പിടിക്കുന്ന തുക കൃത്യമായി കെ.എസ്.ആർ.ടി.സി പ്രസ്തുത ഫണ്ടിൽ അടയ്ക്കാറുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ്.ലേക്ക് പിടിക്കുന്ന തുക കൃത്യമായി ഫണ്ടിൽ അടയ്ക്കാൻ സാധിക്കുന്നില്ല. |
| (ബി) | 31.12.2019 വരെ ഇപ്രകാരം ജീവനക്കാരിൽ നിന്നും പിടിച്ച എന്ത് തുകയാണ് ഇ.പി.എഫിലേക്ക് അടയ്ക്കുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | 53,57,62,279 രൂപ. |
| (സി) | ഇ.പി.എഫ് കൃത്യമായി അടയ്ക്കാത്ത കെ.എസ്.ആർ.ടി.സി മാനേജ്മെന്റിന്റെ നടപടി സോമൻ VS കേരള സംസ്ഥാനം എന്ന കേസ്സിന്റെ വിധിന്യായത്തിൽ ഹൈക്കോടതിയുടെ നിശിത വിമർശനത്തിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(c) 32816/2004-ാം നമ്പരായി സോമൻ മുതൽ പേർ പരാതിക്കാരായി നൽകിയ റിട്ട് ഹർജിയുടെ 24/12/2004-ലെ വിധിന്യായത്തിൽ സാമ്പത്തിക പരാധീനത കാരണം പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ പരാതിക്കാർക്ക് ഉൾപ്പെടെ അനുവദിക്കുന്നതിന് സാവകാശം നൽകണമെന്ന കോർപ്പറേഷന്റെ വാദത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി വിമർശിക്കുകയുണ്ടായിട്ടുണ്ട്. |
| (ഡി) | ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | 2004 ലെ ടി ബഹു. ഹൈക്കോടതി വിധിയിന്മേൽ യാതൊരു നടപടികളും നിലനിൽക്കുന്നതായി കാണുന്നില്ല. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് ടി തുകകൾ അടച്ചു തീർക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**